LIBRARY ARCHIVES Kerala Legislative Assembly

ഐക്കരപ്പടി കേന്ദ്രമായി പോലീസ് സ്റ്റേഷൻ

209 (1953) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഐക്കരപ്പടി കേന്ദ്രമായി പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

210 (1954) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ 1770 കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ പേരും, വിലാസവും പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയും അവരുടെ ജോലിസ്ഥലങ്ങളിൽ പോയി നിരന്തരം നിരീക്ഷിച്ചും, ക്രിമിനൽ കുറ്റങ്ങളിൽ പ്രതികളായവരെ കണ്ടെത്തുന്നതിന് രഹസ്യാന്വേഷണം നടത്തിയും ഇതര സംസ്ഥാന തൊഴിലാളികളെ കരാറിലെടുത്തിരിക്കുന്ന കരാറുകാരെ, ടിയാൻമാരുടെ കീഴിൽ ജോലി ചെയ്യുന്നവരുമായി ബന്ധപ്പെട്ട രജിസ്റ്റർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സൂക്ഷിക്കുന്നതിനും, ടിയാൻമാർ സ്ഥലം മാറിപ്പോകുന്ന സമയം പ്രസ്തുത വിവരം പോലീസ് സ്റ്റേഷനിൽ അറിയിച്ചും ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകളുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റോഡപകടങ്ങൾ തടയാൻ സ്ഥാപിച്ച ക്യാമറകൾ

211 (1955) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തരവകുപ്പിനു കീഴിൽ റോഡപകടങ്ങൾ തടയുക, മറ്റ് അതിക്രമങ്ങൾ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി സംസ്ഥാനത്തുടനീളം എത്ര ക്യാമറകൾ സ്ഥാപിച്ചു; ആയതിന് എത്ര തുക ചിലവായി; ഏതെല്ലാം സ്ഥാപനങ്ങളാണ് ഇവ സ്ഥാപിച്ചത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക ഇനിയും നൽകുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായ ക്യാമറകൾ എത്ര; പ്രവർത്തനരഹിതമായ ക്യാമറകൾ എത്ര; മോഷണം പോയവ എത്ര; വിശദാംശം നൽകുമോ;

(സി) ഇത്തരം ക്യാമറ സംവിധാനത്തിലൂടെ എത്ര കേസ്സുകളിൽ പ്രതികളെയും, പ്രതികൾ ഉപയോഗിച്ച വാഹനങ്ങളെയും, റോഡപകടങ്ങൾ നടത്തിയിട്ട് നിർത്താതെപോയ വാഹനങ്ങളെയും അവ ഓടിച്ചവരെയും കണ്ടെത്തുവാൻ കഴിഞ്ഞു ; വിശദാംശം നൽകുമോ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഒമ്പത് ജില്ലകളിൽ പോലീസിന്റെ നഗര നിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം; വിശദാംശം നൽകുമോ;

(എഫ്) പ്രസ്തുത ക്യാമറകളുടെ നിരീക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി നിയോഗിച്ചിട്ടുള്ള ഉന്നത ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പ്രവർത്തന വീഴ്ചമൂലം പല ക്യാമറകളും തകരാറിലായി എന്നത് പരിശോധിച്ചുവോ; എങ്കിൽ എത്രകൊണ്ടാണ് തകരാറിലായത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly